പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ :2943.

10.05.2017 ൽ മറുപടിയ്ക്ക്

ഫോറൻസിക് ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ ആവശ്യത്തിന് ഫോറൻസിക് ലാബുകൾ ഇല്ലാത്തത് കേസന്വേഷണങ്ങളെ ബാധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) ഫോറൻസിക് പരിശോധനാ ഫലത്തിനായി നിലവിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും | സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറി-തിരുവനന്തപുരം, റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി-തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലായി 01.04.2017 വരെ മൊത്തം 8640 കേസ്സുകൾ പരിശോധനയ്ക്കായി അവശേഷിക്കുന്നു. |
| (സി) സാധാരണ കേസുകളിൽ ഫോറൻസിക് പരിശോധനാ ഫലം ലഭിക്കുന്നതിന് എത്രത്തോളം കാലതാമസം ഉണ്ടാകുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലെ ക്രൈം കേസ്സുകളിലെ തൊണ്ടി സാധനങ്ങളും, കേസിനാസ്പദമായ രേഖകളുമാണ് പരിശോധനകൾക്കായി സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിലും, റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലും ബന്ധപ്പെട്ട കോടതികളിൽ നിന്ന് ലഭിച്ചുവരുന്നത്. ഒരേ കേസ്സിലെ തൊണ്ടി മുതലുകളും മറ്റ് രേഖകളും തന്നെ ഇവിടത്തെ വിവിധ ഡിവിഷനുകളിൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടി വരുന്നതിനാൽ ഇവയുടെ പരിശോധനാ ഫലം കോടതികളിൽ സമർപ്പിക്കുന്നതിന് നിശ്ചിത സമയപരിധി നിർണ്ണയിക്കാനാവില്ല. എന്നിരുന്നാലും അതീവ ഗൗരവമേറിയതും, കോടതികൾ മുൻഗണനാക്രമം നിശ്ചയിച്ച് പരിശോധനകൾക്കായി നൽകുന്നതുമായ കേസുകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാനും പരിശോധനാ ഫലം സമർപ്പിക്കുവാനുള്ള പ്രക്രിയ ത്വരിതപ്പെടുത്താനും പ്രത്യേകം ശ്രമിച്ചുവരുന്നു. |
| (ഡി) കൂടുതൽ ഫോറൻസിക് ലാബുകൾ സ്ഥാപിച്ച് ഫോറൻസിക് പരിശോധനകളിലെ കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ? | (ഡി) | കൊച്ചിയിൽ ഒരു റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർ നടപടികളും ആരംഭിച്ചു കഴിഞ്ഞു. ഈ ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇവിടേയ്ക്ക് ആവശ്യമായ 11 തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സജീവ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ